# ആലപ്പുഴ ജില്ലാ ലേബർ ഓഫീസറുടെ നടപടിക്രമം
## ഹാജർ : ആർ. ഹരികുമാർ

വിഷയം:- ആലപ്പുഴ ജില്ലയിലെ ഗാർഹിക നിർമ്മാണ മേഖലയിലെ നിലവിലുള്ള ചുമട്ടു കൂലി നിരക്ക് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 19.11.2016-ലെ ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (സിഐടിയു) ജന: സെക്രട്ടറിയുടെ കത്ത്
2. ഈ ഓഫീസിലെ 20.04.17-ലെ ഇതേ നമ്പർ കത്ത്
3. 18.05.17-ലെ സിഐടിയു, എഐടിയുസി, ഐഎൻടിയുസി, യുറ്റിയുസി, ബിഎംഎസ് എന്നീ യൂണിയനുകളുടെ ഭാരവാഹികൾ സംയുക്തമായി സമർപ്പിച്ച കത്ത്
4. 24.05.2017-ലെ ആൾ കേരള ഗവ: കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ് സമർപ്പിച്ച കത്ത്
5. 02.06.2017, 08.06.2017 എന്നീ തീയതികളിൽ ആൾ കേരള പ്രൈവറ്റ് കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ ജന: സെക്രട്ടറി സമർപ്പിച്ച കത്തുകൾ

***

## ഉത്തരവ് നം. ജി(3) 7272/16 തീയതി 08.09.2017

ആലപ്പുഴ ജില്ലയിലെ ഗാർഹിക നിർമ്മാണ മേഖലയിൽ കൂലി പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെയും കോൺട്രാക്ടർമാരുടേയും പ്രതിനിധികളെയും പങ്കെടുപ്പിച്ച് വിവിധ തീയതികളിൽ അനുരഞ്ജന യോഗങ്ങൾ വിളിച്ച് തർക്കം പരിഹരിക്കുവാൻ ജില്ലാ ലേബർ ഓഫീസർ തലത്തിൽ പരമാവധി ശ്രമം നടത്തിയെങ്കിലും ബന്ധപ്പെട്ട കക്ഷികളുടെ അസാന്നിദ്ധ്യം മൂലം മിക്കയോഗങ്ങളിലും ഫലപ്രദമായ ചർച്ചകൾ നടത്തുവാൻ സാധിക്കാതെ വന്നിട്ടുള്ളതും തർക്കം പരിഹരിക്കുവാൻ കഴിയാതെ വന്നിട്ടുള്ളതുമാണ്. തുടർന്ന് വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്തും കൂലി ഏകീകരിച്ച് സാധന സാമഗ്രികളുടെ ഒരു പട്ടിക രൂപപ്പെടുത്തിയെടുക്കേണ്ടത് അത്യാവശ്യമായതുകൊണ്ടും ബന്ധപ്പെട്ട എല്ലാ കക്ഷികളോടും അവരുടെ ആവശ്യങ്ങളും അതിന് ആധാരമായതും ഉപോത്ബലകവുമായ എല്ലാ വസ്തുതകളും അഭിപ്രായങ്ങളും രേഖപ്പെടുത്തി വിശദമായ പ്രസ്താവനകൾ നൽകുവാൻ പരാമർശം (2) പ്രകാരം നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ കക്ഷികൾ പരാമർശം (3) (4) (5) പ്രകാരം കത്തുകൾ സമർപ്പിച്ചിട്ടുള്ളതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വിലകളിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും പുതിയ മെഷീനറികളുടെ ഉപയോഗം നിമിത്തം ജോലിയും കൂലിയും കുത്തനെ കുറഞ്ഞിട്ടുണ്ടെന്നും ആയതിനാൽ നിലവിലെ കൂലിയുടെ 50% വർദ്ധനവ് വേണമെന്നും തൊഴിലാളി യൂണിയൻ നേതാക്കൾ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് നിർമ്മാണ മേഖലയിലുള്ള കൂലി നിരക്ക് ഏറ്റവും കൂടുതൽ ആലപ്പുഴ ജില്ലയിലാണെന്നും ഇനി കൂലി വർദ്ധിപ്പിക്കുന്നത് നിർമ്മാണ മേഖലയിൽ കനത്ത തിരിച്ചടി ഉണ്ടാക്കുമെന്നും ആയതിനാൽ പരാമാവധി 5% വേതന വർദ്ധനവിന് സമ്മതമാണെന്നും പരാമർശം (4) പ്രകാരം ആൾ കേരള ഗവ: കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ അറിയിച്ചു.

അനുരഞ്ജന യോഗങ്ങൾ പലവട്ടം നടത്തിയെങ്കിലും തിരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ 5% വർദ്ധനവ് സ്വീകാര്യമാണെന്നും എന്നാൽ നിലവിലെ പല സാധനങ്ങളുടെ കൂലി നിരക്കിലുള്ള അപാകത പരിഹരിച്ച് നിരക്ക് കുറയ്ക്കണമെന്നും പരാമർശം (5) പ്രകാരം ആൾ കേരള പ്രൈവറ്റ് കോൺട്രാക്റ്റേഴ്സ് അസോസിയേഷൻആവശ്യപ്പെടുകയും ആയതിന്റെ ലിസ്റ്റ് സമർപ്പിക്കുകയും ചെയ്തു.

പുതിയതായി കൂലി നിശ്ചയിക്കേണ്ട സാധനങ്ങളുടെ പട്ടികയും കൂലി വിവരവും ആലപ്പുഴ 2, 3 സർക്കിൾ അസി. ലേബർ ഓഫീസർമാരോട് ആവശ്യപ്പെട്ടതിൻ പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

അസി. ലേബർ ഓഫീസർമാർ നൽകിയ വിവിധ സാധനങ്ങളുടെ പട്ടിക പരിഗണിച്ചും, ബന്ധപ്പെട്ട കക്ഷികളുടെ അഭിപ്രായങ്ങളും ഉപഭോക്തൃ വിലസൂചികയിലുണ്ടായ വ്യത്യാസവും ആലപ്പുഴ ജില്ലയിലെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലെ കയറ്റിറക്ക് കൂലി നിരക്ക് പരിഗണിച്ചും അമ്പലപ്പുഴ താലൂക്കിലെ ഗാർഹിക, നിർമ്മാണ മേഖലകളിലെ കൂലി നിരക്കുകൾ 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം വകുപ്പ് 21 (4) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ വിശദമാക്കിയത് പ്രകാരം കൂലി നിരക്കുകൾ 2017 ജൂലൈ മാസം 1 മുതൽ രണ്ടു വർഷക്കാലത്തേയ്ക്ക് നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗാർഹിക ആവശ്യത്തിനുള്ള സാധന സാമഗ്രികളുടെ ചുമട്ടു കൂലി ഉടമസ്ഥനോ ഉടമസ്ഥൻ നിർദ്ദേശിയ്ക്കുന്ന ആൾക്കോ ചെയ്യാനവകാശമുണ്ടായിരിക്കുന്നതാണ്. തൊഴിലാളികളെ ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ നൽകേണ്ട കൂലി നിരക്കുകളാണ് തീരുമാനിച്ചിരിക്കുന്നത്. ഈ നിരക്കുകൾ വാഹനത്തിലെ അടുക്ക്, ഇറക്ക് ഉൾപ്പെടെയുള്ളതായിരിക്കുന്നതാണ്. അടുക്ക്, ഇറക്ക് പ്രത്യേക തൊഴിൽ വിഭാഗമായി നിലനിൽക്കുന്ന സ്ഥലങ്ങളിൽ നിലവിലുള്ള കീഴ്വഴക്കമനുസരിച്ച് വീതിക്കേണ്ടതാണ്. ഈ നിരക്കുകൾ ചുമട്ടു തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമുള്ള 27% ലെവി അടക്കമുള്ളതും പദ്ധതി വ്യാപനം നടത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ ലെവി നൽകേണ്ടതില്ലാത്തതുമാണ്.

15 മീറ്ററിനു മേൽ ചുമന്നുകൊണ്ട് പോകുന്നതിന് 10 %-വും, 25 മീറ്ററിന് മേൽ ചുമന്നു കൊണ്ടു പോകുന്നതിന് 20%-വും കെട്ടിടങ്ങളുടെ മേലേയ്ക്ക് ചുമന്ന് കൊണ്ടു പോകുന്നതിന് ഓരോ നിലയിലേക്കും 10% വീതവും അധികം തുക കൂലി നൽകേണ്ടതാണ്. ഉത്തരവിൻ പ്രകാരം നിശ്ചയിച്ചിരിക്കുന്ന കൂലി നിരക്കുകൾ ചുമട്ടു തൊഴിലാളികൾക്കും തൊഴിൽ ചെയ്യിക്കുന്ന ഉടമകൾക്കും പൂർണ്ണമായും ബാധകമാകുന്നതും ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉയർന്നുവരികയാണെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖേന തർക്ക പരിഹാരം വരുത്തേണ്ടതും കയറ്റിറക്ക് ജോലി യാതൊരു കാരണവശാലും തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതും ജോലിയിൽ ഏർപ്പെടാതെ കൂലിയ്ക്ക് യാതൊരാൾക്കും അവകാശമില്ലാത്തതും കൂലി ഇനത്തിൽ കൈപ്പറ്റുന്ന തുകയ്ക്ക് തൊഴിലാളികൾ രസീത് നൽകേണ്ടതുമാണ്. ഈ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നിയമാനുസരണ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. യന്ത്ര സഹായം കൊണ്ടു മാത്രം ചെയ്യാവുന്ന കയറ്റിറക്ക് പ്രവർത്തികളിൽ തൊഴിലാളികൾ അവകാശം ഉന്നയിക്കുവാനോ കൂലി ആവശ്യപ്പെടുവാനോ പാടുള്ളതല്ല. 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം അനുശാസിക്കുന്ന പ്രവർത്തികളിൽ മാത്രമേ കയറ്റിറക്കു തൊഴിലാളികൾക്ക് അവകാശം ഉണ്ടായിരിക്കുകയുള്ളൂ. നിലവിൽ കൂലി നിരക്ക് സംബന്ധിച്ച് പ്രാബല്യത്തിലുള്ള ഉഭയകക്ഷി കരാറുകൾക്ക് പ്രസ്തുത കരാറുകളുടെ കാലാവധിയ്ക്ക് ശേഷം ഈ ഉത്തരവ് ബാധകമായിരിക്കുന്നതാണ്.

ജില്ലാ ലേബർ ഓഫീസർ
ആലപ്പുഴ

<u>പകർപ്പ്</u>

ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും

| | ഇനവിവരം | പുതുക്കിയ നിരക്ക് (15%) (രൂപയിൽ) |
|---|---|---|
| 1 | മണൽ ഇഷ്ടിക 1000-ന (വലുത) | |
| 2 | ചുവന്ന ഇഷ്ടിക 1000-ന (വലുത) | 474 |
| 3 | ചുവന്ന ഇഷ്ടിക 1000-ന (ചെറുത) | 406 |
| 4 | വെട്ടുകല്ല 100-ന (വലുത) | 339 |
| 5 | വെട്ടുകല്ല 100-ന (ചെറുത) | 341 |
| 6 | സിമന്റ ഒരു ചാക്ക (ഇറക്ക) | 276 |
| 7 | സിമന്റ ഒരു ചാക്ക (കയറ്റ) | 9.50 |
| 8 | സിമന്റ ഒരു ചാക്ക (ടോറസ) | 10.8 |
| 9 | കമ്പി ഒരു ടൺ ഇറക്ക | 13.50 |
| 10 | കമ്പി ഒരു ടൺ ട്രെയിലർ | 339 |
| 11 | മാർബിൾ കണ്ടെയനർ - ഒരു ടൺ | 508 |
| 12 | മാർബിൾ, കടപ്പ, ഗ്രാനൈറ്റ ഒരു ടൺ | 1352 |
| 13 | എ.സി. ഷീറ്റ | 900.00 |
| 14 | ഹോളോ, സോളിഡ ബ്ളോക്ക 100-ന ചെറുത 4" | 9.00 |
| 15 | ഹോളോ, സോളിഡ ബ്ളോക്ക 100-ന വലുത (6") | 257.50 |
| 16 | ഹോളോ, സോളിഡ ബ്ളോക്ക 100-ന വലുത (8") | 298 |
| | ലോക്ക കട്ട | 339 |
| 17 | 0.25 മുതൽ 0.39 സക്വയർ ഫീറ്റ (6 സെ.മീ) | 2 |
| 18 | 0.5 സക്വയർ ഫീറ്റ (6 സെ.മീ) | 1.50 |
| 19 | 0.75 സക്വയർ ഫീറ്റ (6 സെ.മീ) | 2.00 |
| 20 | 0.5 സക്വയർ ഫീറ്റ (10 സെ.മീ) | 3.00 |
| 21 | തറ ഓട 1000-ന (9" X 6") | 3.25 |
| 22 | തറ ഓട 1000-ന (12" X 12") | 238 |
| 23 | മേച്ചിൽ ഓട 1000-ന | 270 |
| 24 | ഡിസൈൻ ഓട 1000-ന | 339 |
| 25 | കമഴ്ത്ത ഓട 1000-ന | 162 |
| 26 | ടിൻ ഷീറ്റ 1-ന (വലുത) | 339 |
| 27 | അലുമിനിയം ഷീറ്റ 1-ന | 8.40 |
| 28 | ടാർ വീപ്പ ഇറക്കി അട്ടി വയക്കുന്നതിന | 2.30 |
| 29 | ടാർ വീപ്പ കയറ്റി അട്ടി വയക്കുന്നതിന | 64 |
| 30 | ഹെവി ഐറ്റംസ മെഷിനറി ഉൾപ്പെടെ 1 ടണ്ണിന, | 83 |
| 31 | " ടോറസ് 1 ടണ്ണിന്, | 900.00 |
| 32 | എച്ച്.ടി കേബിൾ ഫുൾ ഡ്രം | 1350.00 |
| 33 | എച്ച്.ടി./യു.ജി.കേബിൾ (1/2 ഡ്രം) | 900.00 |
| 34 | എച്ച്.ടി./യു.ജി.കേബിൾ (1/4 ഡ്രം) | 450.00 |
| | **സാനിറ്ററി ഇനങ്ങൾ** | 225.00 |
| 35 | കളോസറ്റ 1-ന | |
| 36 | യൂറോപ്യൻ കളോസറ്റ 1-ന | 9 |
| 37 | വാഷ ബെയസൻ | 19.50 |
| 38 | സിറാമിക്ക ടൈൽസ 1-പെട്ടി | 9 |
| 39 | എ1- പി.വി.സി പൈപ്പ | 7.75 |
| 40 | മുക്കാൽ ഇഞ്ച് മുതൽ 2 1/2 ഇഞ്ച് വരെ (1 കെട്ട്) | 1.40 |
| 41 | 2 1/2 ഇഞ്ച് മുതൽ 5 ഇഞ്ച് വരെ (1 കെട്ട്) | 30.00 |
| 42 | ടൈൽസ 1-പെട്ടി (വെർട്ടിഫൈഡ) (60 X60) | 25.00 |
| 43 | ഫ്ളോർ ടൈൽ ( 2X2) 1-പെട്ടി | 20.50 |
| 44 | പേവിംഗ് ടൈൽ (20X12X07) 1-പെട്ടി | 19.30 |
| 45 | ഗാർഡൻ ടൈൽ (30X30X03 ) 1-പെട്ടി | 2.30 |
| 46 | ബാത്ത് ടബ്ബ് (ഫൈബർ) | 9.00 |
| 47 | ബാത്ത് ടബ്ബ് സിറാമിക് | 56.00 |
| 48 | റോളിംഗ് ഷട്ടർ 1 സെറ്റ | 200.00 |
| | വാർക്കൽ ഇനങ്ങൾ | 612.00 |
| 49 | മുട്ടു പലക ലോറി 1-ന | 1674.00 |
| 50 | മുട്ടു പലക മിനി ലോറി 1-ന | |
| | | 1288.00 |

4

| | | |
|---|---|---|
| 51 | വർക്ക് ഷട്ടർ, സ്പാൻ 1-ലോഡ് കയറ്റ | 2318.00 |
| 52 | വർക്ക് ഷട്ടർ, സ്പാൻ 1-ലോഡ് ഇറക്ക് | 2060.00 |
| 53 | മുട്ടു പലക ടെമ്പോ | 966.00 |
| 54 | ഹാർഡ് ബോർഡ് | 11.00 |
| 55 | കട്ടിള (തടി) -1 | 22.00 |
| 56 | കട്ടിള (തടി) -വലുത് | 25.00 |
| 57 | കട്ടിള കോൺക്രീറ്റ് - 1 | 32.00 |
| | വാർക്ക ജനൽ | |
| 58 | 2 പാളി | 30.00 |
| 59 | 3 പാളി | 35.00 |
| 60 | 4 പാളി | 45.00 |
| | വീട്ടുപകരണങ്ങൾ/ഓഫീസ് ഉപകരണങ്ങൾ | |
| 61 | സ്റ്റൂൾ 1 | 7.75 |
| 62 | റ്റീപോയ് - ചെറുത് | 6.50 |
| 63 | റ്റീപോയ് - വലുത് | 13.00 |
| 64 | വാഷിംഗ് മെഷീൻ | 77.00 |
| 65 | ഗ്രൈൻഡർ - ചെറുത് | 26.00 |
| 66 | ഗ്രൈൻഡർ - വലുത് | 42.50 |
| 67 | കമ്പ്യൂട്ടർ | 13.00 |
| 68 | യു.പി.എസ് - ചെറുത് | 14.00 |
| 69 | യു.പി.എസ് - വലുത് | 25.00 |
| 70 | ഫോട്ടോ കോപ്പിയർ - ചെറുത് | 52.00 |
| 71 | ഫോട്ടോ കോപ്പിയർ - വലുത് | 100.00 |
| 72 | ഫാക്സ് | 16.00 |
| 73 | ചാക്കു കെട്ടുകൾ - 50 കി.ഗ്രാം. | 17.00 |
| 74 | എയർ കണ്ടീഷൻ - ചെറുത് | 108.00 |
| 75 | എയർ കണ്ടീഷൻ - വലുത് | 129.00 |
| 76 | സോഫാ സെറ്റ് (3+2) | 100.00 |
| 77 | ബുക്ക് ഷെൽഫ് - ചെറുത് | 58.00 |
| 78 | ബുക്ക് ഷെൽഫ് - വലുത് | 78.00 |
| 79 | ഫാൻ -1 (ടേബിൾ/സീലിംഗ്/പെഡസ്ട്രിയൽ) | 7.75 |
| 80 | ബാറ്ററി - ചെറുത് | 6.50 |
| 81 | ബാറ്ററി - വലുത | 13.00 |
| 82 | കട്ടിൽ - സിംഗിൾ | 33.50 |
| 83 | കട്ടിൽ - ഡബിൾ | 51.50 |
| 84 | കട്ടിൽ - ഫാമിലി | 68.00 |
| 85 | മെത്ത - സിംഗിൾ | 6.50 |
| 86 | മെത്ത - ഡബിൾ | 13.00 |
| 87 | ടി.വി സ്റ്റാന്റ് - ചെറുത | 30.00 |
| 88 | ടി.വി സ്റ്റാന്റ് - വലുത | 40.00 |
| 89 | ട്രങ്ക ബോക്സ (തടി) | 9.00 |
| 90 | ട്രങ്ക ബോക്സ (സ്റ്റീൽ) | 9.00 |
| 91 | തയ്യൽ മെഷീൻ | 33.50 |
| 92 | നോട്ടീസ് ബോർഡ് | 13.00 |
| 93 | സ്റ്റീൽ അലമാര (വലുത) | 85.00 |
| 94 | സ്റ്റീൽ അലമാര (ഇടത്തരം) | 75.00 |
| 95 | സ്റ്റീൽ അലമാര (ചെറുത) | 65.50 |
| 96 | തടി അലമാര (വലുത) | 103.00 |
| 97 | തടി അലമാര (ഇടത്തരം) | 94.00 |
| 98 | തടി അലമാര (ചെറുത) | 86.00 |
| 99 | എക്സിക്യൂട്ടീവ് മേശ (വലുത) | 81.00 |
| 100 | എക്സിക്യൂട്ടീവ് മേശ (ചെറുത) | 67.00 |
| 101 | സാധാരണ മേശ (വലുത) | 58.00 |
| 102 | സാധാരണ മേശ (ചെറുത) | 51.50 |
| 103 | കോൺഫറൻസ് ടേബിൾ | 193.00 |
| 104 | സ്റ്റീൽ ടേബിൾ | 64.50 |
| 105 | തടി ടേബിൾ | 64.50 |
| 106 | എക്സിക്യൂട്ടീവ് ചെയർ | 26.00 |
| 107 | കസേര (സ്റ്റീൽ, തടി) | 8.00 |
| 108 | കസേര (പ്ലാസ്റ്റിക്) | 2.50 |

| | | | |
|---|---|---|---|
| 109 | റാക്ക - സ്റ്റീൽ (ചെറുത) | | 37.50 |
| 110 | റാക്ക - സ്റ്റീൽ (ഇടത്തരം) | | 45.00 |
| 111 | റാക്ക - സ്റ്റീൽ (വലുത) | | 62.00 |
| 112 | റാക്ക - തടി (ചെറുത) | | 51.50 |
| 113 | റാക്ക - തടി (ഇടത്തരം) | | 65.00 |
| 114 | റാക്ക - തടി (വലുത) | | 84.00 |
| 115 | ബെഞ്ച 1 | | 8.00 |
| 116 | ഡെസ്ക 1 | | 26.00 |
| 117 | സ്റ്റാന്റ 1 | | 8.00 |
| 118 | ഡൈനിംഗ ടേബിൾ (ചെറുത) | | 84.00 |
| 119 | ഡൈനിംഗ ടേബിൾ (ഇടത്തരം) | | 103.00 |
| 120 | ഡൈനിംഗ ടേബിൾ (വലുത) | | 116.00 |
| 121 | ട്രെഡ മിൽ സൈക്കിൾ (ചെറുത) | | 51.50 |
| 122 | ട്രെഡ മിൽ സൈക്കിൾ (വലുത) | | 103.00 |
| 123 | വാട്ടർ ടാങ്ക 250 ലിറ്റർ (പി.വി.സി / പ്ലാസ്റ്റിക) | | 26.00 |
| 124 | വാട്ടർ ടാങ്ക 500 ലിറ്റർ (പി.വി.സി / പ്ലാസ്റ്റിക) | | 38.00 |
| 125 | വാട്ടർ ടാങ്ക 750 ലിറ്റർ (പി.വി.സി / പ്ലാസ്റ്റിക) | | 50.00 |
| 126 | വാട്ടർ ടാങ്ക് 1000 ലിറ്റർ & മുകളിൽ (പി.വി.സി / പ്ലാസ്റ്റിക്) | | 80.00 |
| 127 | വേലിക്കല്ല | | 8.00 |
| 128 | സിമന്റ ചെടിച്ചട്ടി (ചെറുത) | | 4.50 |
| 129 | സിമന്റ ചെടിച്ചട്ടി (വലുത) | | 7.00 |
| 130 | സിമന്റ ചെടിച്ചട്ടി ചെടി ഉൾപ്പെടെ (ചെറുത) | | 11.50 |
| 131 | സിമന്റ ചെടിച്ചട്ടി ചെടി ഉൾപ്പെടെ (വലുത) | | 22.00 |
| 132 | ഫ്രിഡ്ജ് (വലുത്) (സ്റ്റെബിലൈസർ, സ്റ്റാന്റ് ഉൾപ്പെടെ) | | 129.00 |
| 133 | ഫ്രിഡ്ജ് (ചെറുത്) (സ്റ്റെബിലൈസർ, സ്റ്റാന്റ് ഉൾപ്പെടെ) | | 96.00 |
| 134 | സിന്തറ്റിക വാതിൽ | | 10.50 |
| | **തടി ഉരുപ്പടി ഫുൾ ലോഡ** | | |
| 135 | തടി ഉരുപ്പടി (വലിയ ലോറി) | | 2960.00 |
| 136 | തടി ഉരുപ്പടി (മിനി ലോറി) | | 2318.00 |
| 137 | തടി ഉരുപ്പടി (ടെമ്പോ) | | 1350.00 |
| 138 | തടി/റബ്ബർ കയറ്റി അടുക്കിക്കെട്ടുന്നതിനും ഇറക്കുന്നതിനും (1 ടൺ) | | 418.00 |
| 139 | വാതിൽ (ചെറുത) തടി | | 25.50 |
| 140 | വാതിൽ (വലുത) തടി | | 32.00 |
| 141 | ജനൽ 2 പാളി (ഗ്രിൽ ഉൾപ്പെടെ) | | 22.00 |
| 142 | ജനൽ 3 പാളി (ഗ്രിൽ ഉൾപ്പെടെ) | | 25.75 |
| 143 | ജനൽ 4 പാളി (ഗ്രിൽ ഉൾപ്പെടെ) | | 28.00 |
| 144 | ജനൽ 5 പാളി (ഗ്രിൽ ഉൾപ്പെടെ) | | 32.00 |
| 145 | പ്ലൈവുഡ (1/2 -1 കനം) 4 അടി (1-ന) | | 7.75 |
| 146 | പ്ലൈവുഡ (1/2 -1 കനം) 6 അടി (1-ന) | | 12.90 |
| 147 | പ്ലൈവുഡ (1/2 -1 കനം) 8 അടി (1-ന) | | 15.50 |
| 148 | വിറക ഉരുൾ ലോറി 1-ന | | 676.00 |
| 149 | വിറക ഉരുൾ മിനി ലോറി 1-ന | | 540.50 |
| 150 | വിറക ഉരുൾ ടെമ്പോ 1-ന | | 439.00 |
| 151 | പാളി വിറക ലോറി 1-ന | | 740.50 |
| 152 | പാളി വിറക മിനി ലോറി 1-ന | | 609.00 |
| 153 | പാളി വിറക ടെമ്പോ 1-ന | | 574.00 |
| | **സിമന്റ് റിങ്ങ്** | | |
| 154 | വലുത് | | 60.00 |
| 155 | ചെറുത് | | 45.00 |
| | **സിമന്റ് പാളികൾ/തൂണുകൾ** | | |
| 156 | 25 കിലോ വരെ | | 10.00 |
| 157 | 25 കിലോയ്ക്ക് മുകളിൽ 50 വരെ | | 15.00 |
| 158 | 50 കിലോയ്ക്ക് മുകളിൽ | | 20.00 |

| | | | |
|---|---|---|---|
| 159 | 25 ബാൽക്കണി ഹാന്റ് റെയിൻ ഒരു സെറ്റ് (10 എണ്ണം) | | |
| 160 | അലൂമിനിയം ഫ്രെയിം 1 എണ്ണം | | 25.00 |
| 161 | അലൂമിനിയം ഷട്ടർ 2 എണ്ണം | | 7.00 |
| 162 | പി.വി.സി.ഷീറ്റ് 1 എണ്ണം | | 6.50 |
| 163 | ജി.ഐ.ഷീറ്റ് 1 എണ്ണം | | 8.00 |
| 164 | എസ്.പി .ഷീറ്റ് 1 എണ്ണം ( അലൂമിനിയം കോമ്പോസിറ്റ് ചാനൽ) 12, 10, 8 ഇഞ്ച് | | 9.00 |
| 165 | അലൂമിനിയം ചാനൽ സെക്ഷൻ 1 കിലോ | | 11.00 |
| 166 | അലൂമിനിയം ചാനൽ സെക്ഷൻ 1 ..... 10 എണ്ണം | | 1.00 |
| | **വാർക്ക ഇനങ്ങൾ** | | 6.00 |
| 167 | സ്റ്റിയറിംഗ് ഓട്ടോ | | |
| 168 | പിക്ക് അപ്പ് | | 750.00 |
| 169 | തട്ട് തറപ്പ് ഷീറ്റ് 1 എണ്ണം | | 250.00 |
| 170 | പകുതി ഷീറ്റ് 1 എണ്ണം | | 7.00 |
| 171 | സ്പാൻ സെറ്റ് 1 എണ്ണം | | 5.00 |
| 172 | ജാക്കി 1 | | 10.00 |
| 173 | വൈബ്രേറ്റർ, പമ്പ്, വെൽഡിംഗ് സെറ്റ് | | 8.00 |
| 174 | പി.വി.സി ചാക്ക് കെട്ട് 1 എണ്ണം | | 50.00 |
| 175 | ജി.ഐ. ഫിറ്റിംഗ്സ് 1 സെറ്റ്/ 1 ചാക്ക് | | 10.00 |
| | **ജി.ഐ. പൈപ്പ്, എം.എസ്** | | 15.00 |
| 176 | 3/4 ഇഞ്ച് മുതൽ 2 ഇഞ്ച് വരെ | | |
| 177 | 2 ഇഞ്ച് മുതൽ 5 ഇഞ്ച് വരെ | | 10.00 |
| | **സ്റ്റീൽ സിങ്ക്/സിറാമിക് സിങ്ക്** | | 20.00 |
| 178 | വലുത് | | |
| 179 | ചെറുത് | | 14.00 |
| 180 | മാൻഹോൾ കവറും ഫ്രെയിമും ചേർത്ത് 1 ന് | | 9.00 |
| | **ഗ്രിൽ** | | 50.00 |
| 181 | 25 കിലോ മുതൽ 50 കിലോ വരെ | | |
| 182 | 50 കിലോയ്ക്ക് മുകളിൽ | | 10.00 |
| 183 | 1 ടൺ | | 15.00 |
| | **സെപ്റ്റിക്ക് ടാങ്ക്** | | 750.00 |
| 184 | 50 കിലോയ്ക്ക് താഴെ | | |
| 185 | ഒരു ടണ്ണിന് | | 12.00 |
| 186 | മതിൽ കെട്ടുന്നതിനുള്ള സ്ലാബ് 1 എണ്ണം | | 900.00 |
| | **കാറ്റാടിക്കഴ** | | 20.00 |
| 187 | 15 അടി മുകളിൽ 1 എണ്ണം | | |
| 188 | 15 അടി വരെ | | 8.00 |
| 189 | ഇലക്ടിക് പൈപ്പ് 1 കെട്ട് | | 66.00 |
| 190 | ഇലക്ടിക് വയർ 1 റോൾ | | 30.00 |
| | **വയറിംഗ് സാധനങ്ങൾ/പെയിന്റിംഗ് സാധനങ്ങൾ/സി.പി ഫിറ്റിംഗ്സ്** | | 5.00 |
| 191 | 8 കിലോ മുതൽ 20 കിലോ വരെ | | |
| 192 | 21 കിലോ മുതൽ 30 കിലോ വരെ | | 9.00 |
| 193 | 31 കിലോ മുതൽ 50 കിലോ വരെ | | 11.00 |
| 194 | ചിക്കൻ മെഷും ,വെൽഡഡ് മെഷും ഒരു റോൾ | | 15.00 |
| 195 | എച്ച് ഫ്രെയിം സെറ്റിന് 2 എണ്ണം | | 10.00 |
| | | | 12.00 |

| | | |
|---|---|---|
| 196 | മെയിൻ ഇലക്ട്രിക്കൽ പാനൽ 1 ടൺ | 900.00 |
| 197 | ഇലക്ട്രിക്കൽ മീറ്ററിംഗ് പാനൽ 1/2 ടൺ | 450.00 |
| 198 | ജനറേറ്റർ സി.എസ്.പി പാനൽ 1 ടൺ | 900.00 |
| 199 | ലിഫ്റ്റ് പാനൽ 1 ടൺ | 900.00 |
| 200 | പമ്പ് പാനൽ 1 ടൺ | 900.00 |
| | **പെയിന്റ്** | |
| 201 | 20 ലിറ്റർ വരെ | 8.00 |
| 202 | 10 ലിറ്റർ | 5.00 |
| 203 | 4 ലിറ്റർ | 2.00 |
| 204 | ഇരുമ്പ് ബിം 1 ടൺ | 900.00 |
| | **എലൈറ്റ് അൾട്രാടെക്ക് ഏറേറ്റഡ് കോൺക്രീറ്റ് ബ്ലോക്ക്** | |
| 205 | 600X100X200 mm (നീളം X വീതി X ഉയരം) 10 കിലോ വരെ | 4.00 |
| 206 | 600X150X200 mm (നീളം X വീതി X ഉയരം) 13 കിലോ വരെ | 5.00 |
| 207 | 600X200X200 mm (നീളം X വീതി X ഉയരം) 17 കിലോ വരെ | 6.00 |